**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 878** **14-01-2021 - ൽ മറുപടിയ്ക്ക്**

**പാമ്പ് പിടിത്തത്തിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാമ്പിനെ ഉപയോഗിച്ച് കൊലപാതകങ്ങൾ വരെ ആസൂത്രണം ചെയ്യുന്ന സാഹചര്യത്തിൽ പാമ്പ് പിടിക്കുന്നതിനും പരിശീലനത്തിനും ലൈസൻസ് നൽകുവാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?; | (എ) | (എ) സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിച്ച് വരുന്ന സാഹചര്യമാണുള്ളത്. അവയിൽ ജനവാസ മേഖലയിൽ എത്തുന്ന പാമ്പ്കടിയേറ്റുള്ള മരണവും പരിക്കുകളും ആണ് പ്രധാനമായും കണ്ടുവരുന്നത്. കഴിഞ്ഞ 3 വർഷത്തിനിടയിൽ ഇതുമായി ബന്ധപ്പെട്ട് മനുഷ്യരിൽ 1860 പേർക്ക് പരിക്കും 334 പേർക്ക് ജീവഹാനിയും സംഭവിച്ചതായി കാണുന്നു. ജനവാസ മേഖലകളിൽ എത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ ആവാസ വ്യവസ്ഥയിലേയ്ക്ക് തുറന്നു വിടുന്നതിന് പ്രാവീണ്യം ലഭിച്ച സ്റ്റാഫുകളുടെ അഭാവം ഉണ്ട്. പാമ്പുകളെ പിടിക്കുന്ന ചിലവ്യക്തികൾ അവയെ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതും, പൊതുജന മധ്യത്തിലും, മാധ്യമങ്ങളിലും പ്രദർശനം നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസമേഖലയിൽ എത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ വിട്ടയക്കുന്ന പ്രക്രിയ കൃത്യവും ഉത്തരവാദിത്വപരമായ ഒന്നാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി മാർഗ്ഗ നിർദ്ദേശങ്ങൾ കേരള വനം വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം കേരള വനം വകുപ്പ് നൽകുന്ന പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പാമ്പു പിടുത്തക്കാർക്ക് മാത്രമേ ജനവാസ മേഖലയിൽ പാമ്പു പിടിത്തത്തിനുള്ള അനുവാദം ഉള്ളൂ. പാമ്പുകളെ പിടികൂടുന്നതിൽ പരിചയവും താത്പര്യവുമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതു ജനങ്ങൾ എന്നിവർക്ക് പരിശീലനം നൽകി ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിങ്ങനെ ഇരുവിഭാഗങ്ങളിലായി 2 ഘട്ടങ്ങളിലായാണ് പരിശീലനം |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിയത്. തിരഞ്ഞെടുക്കപ്പെട്ട 539 വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകിയതിൽ 318 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും അപ്രകാരം അപേക്ഷ സമർപ്പിച്ച 6 1 4 പേർക്ക് പരിശീലനം നൽകുകയും പരിശീലനാനന്തരം നടത്തിയ പരീക്ഷ വിജയകരമായി പൂർത്തിയാക്കിയ 5 0 6 പേർക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇവർക്കുള്ള സർട്ടിഫിക്കറ്റ് അതത് ജില്ലയിലെ അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ (സാമൂഹ്യ വനവത്ക്കരണം) നൽകുന്നതാണ്. പാമ്പു പിടുത്തത്തിന്റെ വിവരം ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും "SARPA" എന്നൊരു മൊബൈൽ ആപ്ളിക്കേഷൻ നിർമ്മിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; അപേക്ഷിച്ചവരിൽ എത്രപേരെ പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്തുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതിനായി പൊതുജനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും അപേക്ഷിച്ചവരിൽ തെരഞ്ഞെടുക്കപ്പെട്ട 61 4 പേർക്ക് പരിശീലനം നൽകുകയും ചെയ്തു. |
| (സി) | ലൈസൻസ് നൽകുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനകം എത്ര പേർക്ക് ലൈസൻസ് നൽകിയെന്ന് വിശദമാക്കുമോ? | (സി) | പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് 2 ദിവസത്തെ പരിശീലനം നൽകുന്നതാണ്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രമേ സർട്ടിഫൈഡ് പാമ്പു പിടുത്തക്കാരായി 1972ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11 പ്രകാരം സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഈ സർട്ടിഫിക്കറ്റ് 5 വർഷത്തേയ്ക്ക് കാലാവധി ഉള്ളതാണ്. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ച പാമ്പു പിടുത്തക്കാർ ഏതെങ്കിലും നിയമ വിരുദ്ധമായ പ്രവർത്തികളിൽ ഏർപ്പെടുകയോ, സ്വയം പിൻമാറുന്നതിന് അപേക്ഷിക്കുകയോ ചെയ്യുന്ന പക്ഷം, അവരുടെ സർട്ടിഫിക്കറ്റ് റദ്ദാക്കാൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺ സർ വേറ്റർ ക്ക് (സാമൂഹ്യ വനവത്ക്കരണവിഭാഗം) അധികാരം ഉണ്ടായിരിക്കുന്നതാണ്. 21 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് മാത്രമേ പാമ്പ്പിടുത്തക്കാരാകുന്നതിന് അർഹതയുള്ളൂ. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 824 പേർ സർട്ടിഫിക്കറ്റിന് അർഹത നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ